# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ /സി.8/209/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 29/03/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ /സി.8/209/2023 തീയ്യതി: 29/03/2023

## കണ്ണൂർ ജില്ലയിലെ കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 04-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 47 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 32 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമ്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.രാജിലൻ. എം.സി | ഡെപ്യൂട്ടി ഡയറക്ടർ | 06-02-2023 | 16-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-02-2023 | 16-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ഷൈമകുമാരി.എസ്.എൽ,ഓഡിറ്റ് ഓഫീസർ ഹയർഗ്രേഡ്
ശ്രീമതി.വിപിന വത്സരാജ്.അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.സുമതി.ടി.ഒ,സീനിയർഗ്രേഡ് ഓഡിറ്റർ
ശ്രീ.ഗോകുൽ.ഡി.കെ.ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ലത.കെ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.പ്രസാദ്.വി.വി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സുരേഷ്.എൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ.മുരുകേശൻ.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ.സൽമത്ത്. | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ.അഞ്ജു | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.അമ്പിളി.സി | മെഡിക്കൽ ഓഫീസർ -ആയുർവേദം | 01-04-2021 | 31-03-2022 |
| ശ്രീമതി. സ്മിത.വി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 06-11-2021 |
| ശ്രീമതി. പ്രജിന.കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 07-11-2021 | 24-11-2021 |
| ശ്രീമതി.സൂര്യ.ഇ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 25-11-2021 | 31-03-2022 |
| ഡോ.നീനു.സി.കെ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2021 | 31-03-2022 |
| ശ്രീമതി. ഇ.കെ.നസീറ | ഹെഡ് മാസ്റ്റർ | 01-04-2021 | 31-05-2021 |
| ശ്രീ.പ്രേമൻ.കെ | ഹെഡ് മാസ്റ്റർ | 01-06-2021 | 27-10-2021 |
| ശ്രീ.പ്രശാന്ത് | ഹെഡ് മാസ്റ്റർ | 28-10-2021 | 31-03-2022 |
| ശ്രീമതി.ബിന്ദു.കെ മാത്യു | കൃഷി ഓഫീസർ | 01-04-2021 | 30-05-2021 |
| ശ്രീമതി.നിധിന.ജെ | കൃഷി ഓഫീസർ | 31-05-2021 | 06-09-2021 |
| ശ്രീ. ഷുഹൈബ് തൊട്ടിയൽ | കൃഷി ഓഫീസർ | 07-09-2021 | 31-03-2022 |
| ശ്രീമതി. രമ്യ.വി.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പുത്തൂർ) | 01-04-2021 | 31-03-2022 |
| ശ്രീമതി. മെറിൻ ജോസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഒളവിലം) | 01-04-2021 | 31-03-2022 |
| ശ്രീ.ജയൻ.വി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക 2021-22 | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക അപാകങ്ങൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | ക്ഷേമപെൻഷനുകൾ | 1-6 |
| 8 | മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-7 |
| 9 | എം.ജി.എൻ.ആർ.ഇ.ജി.എസ് - 250000 രൂപയിൽ അധികരിച്ച തുകകൾ അനുവദിച്ച കരാറുകാരുടെ ബില്ലുകളിൽ നിന്നും 2% നിരക്കിൽ.ജി.എസ്.ടി (ടി.ഡി.എസ്) കുറവ് ചെയ്തിട്ടില്ല. | 1-7-1 |
| 10 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 11 | ഗ്രാമസഭ | 1-9 |
| 12 | വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം | 1-10 |
| 13 | ആസ്തി പരിപാലനം | 1-11 |
| 14 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-12 |
| 15 | വസ്തു നികുതി - GIS മാപ്പിംഗ് പ്രകാരം സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങൾ കാലികമാക്കി വസ്തു നികുതി പുനർ നിർണ്ണയിക്കേണ്ടതാണ് | 1-13 |
| 16 | എഫ് ടി ഇ& ഒ എസ് ലൈസൻസ് അപാകങ്ങൾ | 1-14 |
| 17 | ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറം ഫീ പഞ്ചായത്ത് ഫണ്ടിൽ വരവ് വെക്കേണ്ടതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-15 |
| 18 | കുന്നോത്ത് പറമ്പ് പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ -₹217635യുടെ മരുന്ന് ലഭിച്ചതിന്റെ രേഖ ഹാജരാക്കിയിട്ടില്ല | 1-16 |
| 19 | പാലിയേറ്റീവ് പരിചരണ പദ്ധതി - ₹54546യുടെ മരുന്ന് ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല | 1-17 |
| 20 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 1-18 |
| 21 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ -പൾസ് ഓക്സിമീറ്റർ വാങ്ങൽ നിലവിലെ ഉപയോഗ വിവരം ലഭ്യമല്ല-₹80080യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-19 |
| 22 | ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ ഫണ്ടിന്റെ വാർഷിക വരവ് ചെലവ് | 1-20 |

| | | |
|---|---|---|
| | കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നില്ല | |
| 23 | അങ്കണവാടി പോഷകാഹാര വിതരണം - ന്യൂട്രിമിക്സ് വാങ്ങിയ തുകയിൽ നിന്ന് ജി.എസ്.ടി-ടി.ഡി.എസ് ഈടാക്കിയിട്ടില്ല. | 1-21 |
| 24 | ഐ കെ എം വിഹിതം നൽകൽ- വിനിയോഗ വിവരം ലഭ്യമായിട്ടില്ല | 1-22 |
| 25 | എസ്.എസ്.എ വിഹിതം നൽകൽ -പ്രൊജക്ടുകളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം പങ്ക് വഹിച്ചിട്ടില്ല | 1-23 |
| 26 | എസ്.ടി വിഭാഗത്തിൽപെട്ട പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം അനുബന്ധരേഖകളില്ല ₹100000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-24 |
| 27 | എസ്.ടി വിഭാഗക്കാരായ സ്വയംതൊഴിൽ സംരംഭകർക്ക് ഇരുചക്രവാഹനം നിർവ്വഹണത്തിലെ അപാകങ്ങൾ ₹14702 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-25 |
| 28 | എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുബന്ധരേഖകളില്ല ₹70000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-26 |
| 29 | എസ്.സി വിഭാഗത്തിൽപെട്ട പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം ചെലവ് വിവരങ്ങൾ സുതാര്യമല്ല ₹150000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-27 |
| 30 | സാമൂഹ്യസുരക്ഷാമിഷന് വിഹിതം നൽകൽ വിനിയോഗ സാക്ഷ്യപത്രവും കൈപ്പറ്റ് രസീതും ലഭ്യമാക്കിയിട്ടില്ല. | 1-28 |
| 31 | സർക്കാർ നിർദ്ദേശം പാലിക്കാതെ ആർജിതാവധി സറണ്ടർ അനുവദിച്ചു | 1-29 |
| 32 | സാക്ഷരതാ പ്രേരക് മാരുടെ ഹോണറേറിയം തനത് ഫണ്ടിലേക്ക് തുക ലഭിച്ചിട്ടില്ല. | 1-30 |
| 33 | വികസന ഫണ്ട് തുക ഉപയോഗിച്ച് വാഹനം വാടകയ്ക്ക് നൽകി - ₹184000 യുടെ ചെലവ് തടസപ്പെടുത്തുന്നു. | 1-31 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |

| | | |
|---|---|---|
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

കുന്നോത്ത് പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ 20-2-2021 ലെ ഭരണസമിതിയുടെ 1/40/21 നമ്പർ യോഗതീരുമാനപ്രകാരം അംഗീകരിച്ച 2021 -22 സാമ്പത്തിക വർഷത്തെ ബജറ്റ് ചുവടെ കൊടുക്കുന്നു.

| ബജറ്റ് | |
|---|---|
| മുൻബാക്കി | 14584800 |
| വരവ് | 249748680 |
| ആകെ വരവ് | 264333480 |
| ചെലവ് | 261944400 |
| നീക്കിയിരിപ്പ് | 2389080 |

25-3-22 ൽ നടന്ന സാധാരണ യോഗത്തിലെ 107/22 നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചു.

| പുതുക്കിയ ബജറ്റ് | |
|---|---|
| മുൻബാക്കി | 35106750 |
| വരവ് | 213245622 |
| ആകെ വരവ് | 248352372 |
| ചെലവ് | 231148561 |
| നീക്കിയിരിപ്പ് | 17203811 |

## 1-2 വാർഷിക ധനകാര്യപത്രിക 2021-22

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കുവാനായി തിരിച്ചയച്ച തീയതി |
|---|---|---|
| 31/7/2022 | 1/8/2022 | തിരിച്ചയച്ചിട്ടില്ല |

വാർഷിക കണക്കുകൾ സമയപരിധിക്കകം സമർപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2-1 വാർഷിക ധനകാര്യ പത്രിക അപാകങ്ങൾ

1.2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗ വിവരം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ് ഷീറ്റിൽ ക്ലോസിങ് സ്റ്റോക്കിന്റെ വിവരങ്ങൾ ചേർത്തിട്ടില്ല.

2.I-17(a) പ്രകാരം ₹98,65,086 ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവ കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് ലഭ്യമാക്കിയിട്ടില്ല.

3.ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള ഓഫീസ് വാഹനത്തിന്റെ മൂല്യം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

4.B-9 ഷെഡ്യൂളിൽ 2022മാർച്ച് മാസത്തെ ഓണറേറിയം, താൽക്കാലിക ജീവനക്കാരുടെ ശമ്പളം, ടെലഫോൺ ചാർജ്ജ്, ഇലക്ട്രിസിറ്റി ചാർജ്, മുതലായ ചെലവുകൾ ബാധ്യതയായി കാണിച്ചിട്ടില്ല.

5.ഐ 6 ഷെഡ്യൂളിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ രേഖപ്പെടുത്തിയ തുകകൾ 2021-22 സാമ്പത്തിക വർഷം അതേ സാമ്പത്തിക വർഷത്തെ പെൻഷൻ നല്കാനായി ചെലവഴിച്ച തുക മാത്രമാണ്. 2020-21 ലെ പെൻഷൻ വിതരണത്തിനായി 2021-22 സാമ്പത്തിക വർഷം ചെലവഴിച്ച തുക ഉൾപ്പെടുത്തിയിട്ടില്ല.

| ഇനം | 2020-21 ലെ പെൻഷൻ 2021-22 ൽ വിതരണം ചെയ്തത്(*) | | | 2021-22 ലെ പെൻഷൻ 2021-22 ൽ വിതരണം ചെയ്തത് ,As On 31.03.22 (*) | 2021-22 ലെ ആകെ പെൻഷൻ വിതരണം | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ്/ വരവ് |
|---|---|---|---|---|---|---|
| | As On 31.03.21 | As On 31.03.22 | വ്യത്യാസം (**) | | | |

| | | | | | | |
|---|---|---|---|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 75,07,800 | 1,10,84,800 | 35,77,000 | 74,09,200 | 1,09,86,200 | 74,09,200 |
| വാർധക്യകാല പെൻഷൻ | 3,52,54,300 | 5,27,56,500 | 1,75,02,200 | 3,93,46,900 | 5,68,49,100 | 3,93,46,900 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 70,36,300 | 1,04,09,100 | 33,72,800 | 7386100 | 1,07,58,900 | 7386100 |
| അമ്പതുവയസ്സിനുമുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 33,76,900 | 50,58,200 | 16,81,300 | 37,29,200 | 54,10,500 | 37,29,200 |
| വിധവാപെൻഷൻ | 2,57,12,500 | 3,84,69,300 | 1,27,56,800 | 2,77,82,600 | 4,05,39,400 | 2,77,82,600 |

(*)സേവന സോഫ്റ്റ് വെയർ അപ്ലിക്കേഷൻ അടിസ്ഥാനമാക്കി തയ്യാറാക്കിയത്
(**)ഈ വ്യത്യാസമാണ് 2021-22 ൽ വിതരണം ചെയ്ത 2020-21 ലെ പെൻഷൻ

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 25823587 |
| വരവ് തുക | 100340292 |
| ആകെ | 126163879 |
| ചെലവ് തുക | 105787570 |
| നീക്കിയിരിപ്പ് | 20376309 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 598782 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 22382000 | 22382000 | 21894029 | 487971 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 825000 | 825000 | 825000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 95000 | 95000 | 95000 | 0 |
| മെയിന്റനൻസ് ഗ്രാന്റ്, റോഡ് | 0 | 12898082 | 12898082 | 12898082 | 0 |
| മെയിന്റനൻസ് ഗ്രാന്റ്, നോൺ-റോഡ് | 0 | 4786912 | 4786912 | 4786912 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്.(ടൈഡ് ഗ്രാന്റ് ) | 0 | 11699523 | 11699523 | 5241936 | 6457587 |
| സെൻട്രൽ ഫിനാൻസ് | 0 | 5683043+83429(interest) | 5766472 | 5645869 | 120603 |

| | | | | | |
|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ് (ബേസിക് ഗ്രാന്റ് ) | | | | | |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | 13637 | 50823572 | 50837209 | 50803216 | 33993 |
| ടി.എസ്.സി. | 1068902 | 0 | 1068902 | 654140 | 414762 |
| ഐ.സി.ഡി.എസ്. | 504292 | 1608702 | 2112994 | 1199966 | 913028 |
| ശിശു സൗഹൃദ ടോയ്‌ലറ്റ്, അങ്കണ വാടികൾക്ക് ബോർഡ് | 75000 | 0 | 75000 | 62375 | 12625 |
| ജലനിധി | 3510741 | 275325 | 3786066 | 0 | 3786066 |
| എം.പി.ഫണ്ട് | 61841 | 1813 | 63654 | 0 | 63654 |
| സാക്ഷരത | 8197 | 240 | 8437 | 0 | 8437 |
| വിമുക്തി | 15700 | 0 | 15700 | 0 | 15700 |
| കില ട്രെയിനിങ്ങ് | 1075 | 3885 | 4960 | 4960 | 0 |
| ആശ്രയ | 0 | 676037 | 676037 | 0 | 676037 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 214 | 112612972 | 183 | 83767321 | 34 | 31 | 70 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 10 | 5689907 | 4179939 | 73 |
| വെറ്റിനറി സർജ്ജൻ | 6 | 6 | 5882000 | 5882000 | 100 |
| മെഡിക്കൽ ഓഫീസർ, പി എച്ച് സി | 8 | 7 | 5707638 | 5266773 | 92 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 100000 | 100000 | 100 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 1 | 1 | 500000 | 500000 | 100 |
| വി ഇ ഒ -1 പുത്തൂർ | 11 | 11 | 5730000 | 4563184 | 80 |
| വി ഇ ഒ -2 ഒളവിലം | 9 | 7 | 6232500 | 4402277 | 71 |
| ഐസിഡിഎസ് സൂപ്പർവൈസർ | 7 | 6 | 8050475 | 7815252 | 97 |
| സെക്രട്ടറി | 34 | 31 | 9833490 | 7281385 | 74 |
| അസിസ്റ്റന്റ്എഞ്ചിനീയർ | 109 | 88 | 59609827 | 39593633 | 66 |

| | | | | | |
|---|---|---|---|---|---|
| ഹെഡ് മാസ്റ്റർ | 3 | 3 | 2244990 | 2176990 | 97 |
| അസിസ്റ്റന്റ് സെക്രട്ടറി | 8 | 6 | 683363 | 634702 | 93 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 4 | 4 | 1556782 | 679186 | 44 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 792000 | 692000 | 87 |
| | 214 | 183 | 112612972 | 83767321 | 74 |

## 1-6 ക്ഷേമപെൻഷനുകൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 7409200 | 472 |
| തൊഴിൽ രഹിത വേതനം | 2040 | 1 |
| വിധവാപെൻഷൻ | 27782600 | 1859 |
| വാർദ്ധക്യകാല പെൻഷൻ | 39346900 | 3161 |
| ഭിന്നശേഷിക്കാരുടെ പെൻഷൻ | 7386100 | 514 |
| അവിവാഹിത പെൻഷൻ | 3729200 | 245 |
| വിവാഹ ധനസഹായം | 480000 | 16 |

## 1-7 മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റിവ് ചെലവ് | 13637 | 1153701 | 1167338 | 1133345 | 33993 |
| തൊഴിലാളികളുടെ കൂലി | - | 49669871 | 49669871 | 49669871 | - |
| ആകെ | 13637 | 50823572 | 50837209 | 50803216 | 33993 |

## 1-7-1 എം.ജി.എൻ.ആർ.ഇ.ജി.എസ് - 250000 രൂപയിൽ അധികരിച്ച തുകകൾ അനുവദിച്ച കരാറുകാരുടെ ബില്ലുകളിൽ നിന്നും 2% നിരക്കിൽ.ജി.എസ്.ടി (ടി.ഡി.എസ്) കുറവ് ചെയ്തിട്ടില്ല.

2021-22 ൽ നടപ്പിലാക്കിയ എം.ജി.എൻ.ആർ.ഇ.ജി.എസ് പ്രൊജക്ടുകൾക്ക് സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാർക്ക് ബിൽ തുകകൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ ബില്ലുകൾ പ്രകാരം 250000 രൂപയിൽ അധികരിച്ച തുകകൾ അനുവദിച്ച കരാറുകാരുടെ ബില്ലുകളിൽ നിന്നും 2% നിരക്കിൽ ജി.എസ്.ടി (ടി.ഡി.എസ്) കുറവ് ചെയ്തിട്ടില്ല. (ഗുഡ്സ് ആന്റ് സർവ്വീസ് ആക്ട് 2017ലെ സെക്ഷൻ 51, 21-07-2018ലെ 28th ജി.എസ്.സി. കൗൺസിൽ തീരുമാനം) ജ്.എസ്.ടി ചട്ടം അനുസരിച്ച് നികുതികൾ ഒഴികെ ബിൽ തുക 250000 രൂപയോ അതിൽ കൂടുതലോ അനുവദിക്കുമ്പോൾ സ്രോതസ്സിൽ നിന്നും 2% ജി.എസ്.ടി (ടി.ഡി.എസ്) കുറവ് ചെയ്യണം.30/7/2019 ലെ സർക്കുലർ നമ്പർ 957/ ഇ ജി എസ്-സി/16/ ആർ ഇ ജി എസ് കൂടി കാണുക.

വിശദവിവരം ചുവടെകൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | എംബുക്ക് നമ്പർ | ആകെ ചെലവ് | മെറ്റീരിയൽ ചെലവ് | 2% ജിഎസ് ടി ഈടാക്കേണ്ടത് |
|---|---|---|---|---|---|
| 1 | RC30540 മുടഞ്ഞിയുള്ളതിൽ വലിയപീടികയിൽ റോഡ് നിർമാണം | 185/2021-22 | 439421.41 | 356203.41 | 7124 |
| 2 | RC288960 | 135/2021-22 | 455184.26 | 375338.26 | 7507 |

| | | | | | |
|---|---|---|---|---|---|
| | ചിറക്കര ഉടമ്പയിൽ കോൺക്രീറ്റ് റോഡ് നിർമാണം | | | | |
| 3 | RC305544<br>അച്ഛന്റെ വീട്ടിൽ മുക്ക് മുതൽ കുഞ്ഞിപറമ്പത്ത് താഴേ റോഡ് നിർമാണം | 4/2021-22 | 352112 | 324193.8 | 6484 |
| | | | | | 21115 |

ജിഎസ് ടി ഇനത്തിൽ ഈടാക്കേണ്ട ₹21115 ഈടാകേണ്ടതാണ്.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.02.2023 (2.00 PM) ന് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 23,039/- രൂപ (ഇരുപത്തി മൂന്നായിരത്തി മുപ്പത്തിയൊൻപത് രൂപ മാത്രം ) ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-9 ഗ്രാമസഭ

കുന്നോത്ത് പറമ്പ് ഗ്രാമ പഞ്ചായത്തിൽ ആകെയുള്ള 21 വാർഡുകളിലും 01/2022 ൽ ഒരു തവണ മാത്രമാണ് ഗ്രാമസഭായോഗം ചേർന്നിട്ടുള്ളത്.

## 1-10 വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം

വിവിധ തലത്തിലുള്ള 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വിവിധ പ്രവൃത്തികൾ കാര്യക്ഷമമായി നിർവഹണം നടത്തി എന്നത് പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളുടെ ഉത്തരവാദിത്തമാണ്. എന്നാൽ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഒഴികെയുള്ള വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം 2021-22 വർഷത്തിൽ കാര്യക്ഷമമായ രീതിയിൽ ചേർന്നിട്ടില്ല. ദാരിദ്ര്യ ലഘൂകരണം, സാമൂഹ്യക്ഷേമം, ചെറുകിട വ്യവസായം, ജൈവവൈവിദ്ധ്യം, സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പുകൾ 2021-22 വർഷത്തിൽ യോഗം ചേർന്നിട്ടില്ല. വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ യഥാസമയം യഥാവിധി നടത്തേണ്ടതും പദ്ധതി നിർവഹണത്തിന്റെ അവസാന കാലത്ത് വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കേണ്ടതും പദ്ധതി നിർവഹണം പ്രൊജക്ടിൽ വിഭാവനം ചെയ്ത വിധം നിർവഹിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 1-11 ആസ്തി പരിപാലനം

കുന്നോത്ത് പറമ്പ് ഗ്രാമ പഞ്ചാത്തിലെ വിവിധ ആസ്തികളുടെ സംരക്ഷണം സംബന്ധിച്ചുള്ള പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1. ഗ്രാമപഞ്ചായത്തിൽ വിവിധ ആവശ്യങ്ങൾക്കായി നിർമ്മിക്കപ്പെട്ടതും നിശ്ചിത ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താൻ കഴിയാത്തതുമായ ആസ്തികൾ ഒന്നുമില്ല

2. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിക്ക് 2021-22സാമ്പത്തിക വർഷം വരെയുള്ള അടിസ്ഥാന ഭൂനികുതി വില്ലേജ് ഓഫീസുകളിൽ ഒടുക്കിയിട്ടുണ്ട്

3. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പുറമ്പോക്ക് ഭൂമിയായ കൊളവല്ലൂർ പുത്തൂർ വില്ലേജ് പരിധിയിലുള്ള പുറമ്പോക്ക് ഭൂമി അളന്നു തിട്ടപ്പെടുത്തുകയും പുറമ്പോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

4. ഗ്രാമപഞ്ചായത്ത് പരിധിയിൽ ചെറുപറമ്പ്, വയപ്ര എന്നീ സ്ഥലങ്ങളിൽ പകൽവീടുകൾ /വൃദ്ധ സദനങ്ങൾക്ക് വേണ്ടി നിർമിച്ച കെട്ടിടങ്ങൾ നിശ്ചിത ആവശ്യത്തിനായി ഉപയോഗിക്കുന്നുണ്ട്.

5. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾ നടപ്പിലാക്കിയ ആസ്തികൾ ഇല്ല.

6. ജലനിധി ഫണ്ട് മുഖേന നടപ്പിലാക്കിയ പദ്ധതികൾ പ്രകാരമാണ് പഞ്ചായത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നത്. നിലവിൽ നിഷ്ക്രിയമായ നിലയിൽ കുടിവെള്ള പദ്ധതികളൊന്നും നിലനിൽക്കുന്നില്ല.

എന്നാൽ മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം സൃഷ്ടിക്കപ്പെട്ട പൊതു ആസ്തികൾ ആസ്തി രജിസ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. മുഴുവൻ വിവരങ്ങളും ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്. 10/09.02.2021 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-12 ആഭ്യന്തര നിയന്ത്രണ സംവിധാനം

മനുഷ്യ വിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പുവരുത്തി ലക്ഷ്യം നേടാൻ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ പ്രവർത്തന സജ്ജമാക്കേണ്ടത് അനിവാര്യമാണ്. അധികാര – ഉത്തരവാദിത്ത ബന്ധങ്ങളെ കൃത്യമായി നിർവ്വചിച്ചുകൊണ്ടുള്ള ഉദ്യോഗസ്ഥ സംഘടനാ സംവിധാനം, ശക്തവും കാര്യക്ഷമവുമായ മേൽ ചുമതലാ നിർവ്വഹണം, നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും കാര്യക്ഷമമായ വിനിമയം, കൃത്യമായ ഇൻഡക്സിങ്ങ് സംവിധാനത്തോടെയും സുരക്ഷിതവും സുഗമവുമായ രീതിയിലുള്ള രേഖകളുടെ സൂക്ഷിപ്പ് എന്നിവയോടൊപ്പം പൊതുജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്തൽ എന്നിവയാണ് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അടിസ്ഥാനം. കുന്നോത്ത്പറമ്പ് ഗ്രാമ പഞ്ചായത്തിൽ കൃത്യമായ ഇടവേളകളിൽ ഓഫീസ് യോഗം ചേരുകയും ദൈനംദിന ഓഫീസ് പ്രവർത്തനം, ഫ്രണ്ട് ഓഫീസ് പ്രവർത്തനം എന്നിവ കാര്യക്ഷമമാക്കുവാനായി നിർദ്ദേശം നൽകുന്നതായും കണ്ടു. നികുതി പിരിവ് 100% കൈവരിക്കുന്നതിനായി ഊർജിതമായ നടപടികൾ സ്വീകരിച്ചു വരുകയും 100% നികുതി പിരിവ് കൈവരിക്കുകയും ചെയ്തിട്ടുണ്ട്. രജിസ്റ്ററുകൾ ശരിയായ രീതിയിൽ സൂക്ഷിച്ചുവരുന്നുണ്ട്. പഞ്ചായത്ത്ഓഫീസിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്.

വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട ബാങ്ക് പാസ്സ്ബുക്കുകൾ, ബാങ്ക് ബുക്കുകൾ എന്നിവ പൊരുത്തപ്പെടുത്തി സൂക്ഷിച്ചു വരുന്നുണ്ട്. ജനറൽ പർപ്പസ് ഗ്രാന്റ്, ലഭിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച് മറ്റ് തനത് ഫണ്ടുകൾ, സംയുക്ത പ്രോജക്ടുകൾക്ക് ലഭിക്കുന്ന വിവിധ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഫണ്ട് സംബന്ധിച്ച എ.സി.ആർ സൂക്ഷിക്കുന്നില്ല. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചു വരുന്നുണ്ട്. പ്രൊക്യൂർമെന്റ് കമ്മിറ്റി 2021-22 ൽ യോഗം ചേർന്നിട്ടുണ്ട്.എന്നാൽ സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്വയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഒരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്.അസറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചു വരുന്നില്ല.പഞ്ചായത്ത് സേവനങ്ങൾക്കുള്ള ഏകജാലകസംവീധാനമായ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്.

പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങളും അവകാശങ്ങളും സംബന്ധിച്ച പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## 1-13 വസ്തു നികുതി - GIS മാപ്പിംഗ് പ്രകാരം സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങൾ കാലികമാക്കി വസ്തു നികുതി പുനർ നിർണ്ണയിക്കേണ്ടതാണ്

പഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളുടെയും വിവരശേഖരണം ജി ഐ എസ് മാപ്പിംഗ് എന്ന പ്രൊജക്ട് വഴി ഡ്രോൺ സർവെയിലൂടെ നടത്തിയിട്ടുണ്ട്. ഇപ്രകാരം കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയ ജി ഐ എസ് മാപ്പിംഗിലെ വിവരങ്ങളും സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങളും തമ്മിൽ താരതമ്യപ്പെടുത്തി പരിശോധന നടത്തിയപ്പോൾ പല

കെട്ടിടങ്ങളും നിലവിൽ കൂട്ടിച്ചേർക്കുകയോ, പുതിയ നിലകൾ പണിയുകയോ, ഭേദഗതി വരുത്തുകയോ ചെയ്തിട്ടുണ്ടെന്ന് വ്യക്തമായിട്ടുണ്ട്. കൂടാതെ ചില കെട്ടിടങ്ങളുടെ സഞ്ചയ പ്രകാരമുള്ള വിസ്തീർണ്ണം GIS മാപ്പിംഗ് പ്രകാരമുള്ളതിനേക്കാൾ കൂടിയിരിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

1) വിമുക്ത ഭടൻമാരുടെ കെട്ടിടത്തിന് ഇളവ് നൽകാവുന്ന പരിധിക്ക് (പരമാവധി 185 ച.മീ) അധികം വരുന്ന വിസ്തീർണ്ണത്തിന് നികുതി ഈടാക്കിയിട്ടില്ല.

| ഉടമസ്ഥന്റെ പേര് | വാർഡ് നമ്പർ/കെട്ടിട നമ്പർ | ഉപയോഗക്രമം | പ്ലിന്ത് എരിയ (ച.മീ)സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം | പ്ലിന്ത് എരിയ (ച.മീ)ജി ഐ എസ് മാപ്പ് പ്രകാരം | പ്ലിന്ത് എരിയ വ്യത്യാസം (ച.മീ) |
|---|---|---|---|---|---|
| വി.ഉദയകുമാർ വരിയാളി | 19/129A | പാർപ്പിടാവശ്യം(@3/രൂപ /ച.മീറ്റർ) | 226.16 | 247 | 20.84 |
| കെ.പത്മനാഭൻ നായർ നിധി നിവാസ് | 19/238 | ,, | 166 | 187 | 21 |
| മുരളീധരൻ വൈഷ്ണവം | 19/333 | ,, | 179 | 220 | 41 |
| രാജൻ പി പാലയാട്ടുമ്മൽ | 20/48A | ,, | 163 | 227 | 64 |

2. താഴെ പറയുന്ന ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വിസ്തീർണ്ണം സഞ്ചയ സോഫ്റ്റ്‌വെയറിലേതും ജി ഐ എസ് മാപ്പിംഗിലെതും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഉടമസ്ഥന്റെ പേര് | വാർഡ് നമ്പർ/കെട്ടിട നമ്പർ | ഉപയോഗക്രമം | പ്ലിന്ത് എരിയ (ച.മീ)സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം | പ്ലിന്ത് എരിയ (ച.മീ)ജി ഐ എസ് മാപ്പ് പ്രകാരം | പ്ലിന്ത് എരിയ വ്യത്യാസം (ച.മീ) |
|---|---|---|---|---|---|
| നങ്ങാറൻറെവിട അനിൽകുമാർ സെക്രട്ടറി സി.പി.എം ലോക്കൽ കമ്മിറ്റി,കുനമ്മൽ,ചെണ്ടയാട്, | I/125 | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) (@30/രൂപ /ച.മീറ്റർ) | 57 | 98 | 41 |
| തയ്യുള്ളതിൽ ചമ്പോളൻ ശ്രീധരൻ,കൊളവല്ലൂർ,ചെറുപറമ്പ് | II/460 | ,, | 52.3 | 110 | 57.7 |
| സെക്രട്ടറി പ്രസിഡൻറ് ബി ജെ പി ഓഫീസ് കല്ലുവളപ്പ് യൂണിറ്റ് | 3/166 | ,, | 35 | 36 | 1 |

3) താഴെ പറയുന്ന അസംബ്ലി കെട്ടിടം/കൺവെൻഷൻ സെന്റർ/ആഡിറ്റോറിയം/ കല്യാണ മണ്ഡപങ്ങൾ/ ലോഡ്ജ് /സിനിമ തിയേറ്റർ എന്നീ വിഭാഗത്തിൽപ്പെടുന്ന കെട്ടിടത്തിന്റെ സഞ്ചയ സോഫ്റ്റ്‌വെയറിലെയും ജി ഐ എസ് മാപ്പിംഗിലെയും പ്ലിന്ത് എരിയയിൽ വ്യത്യാസം ഉണ്ട്.

| ഉടമസ്ഥന്റെ പേര് | വാർഡ് നമ്പർ/കെട്ടിട | ഉപയോഗക്രമം | പ്ലിന്ത് എരിയ (ച.മീ)സഞ്ചയ | പ്ലിന്ത് എരിയ | പ്ലിന്ത് എരിയ |
|---|---|---|---|---|---|

| | നമ്പർ | | സോഫ്റ്റ് വെയർ പ്രകാരം | (ച.മീ)ജി ഐ എസ് മാപ്പ് പ്രകാരം | വ്യത്യാസം (ച.മീ) |
|---|---|---|---|---|---|
| മൂർക്കോത്ത് താമസിക്കും പുത്തൻപുരയിൽ മാട്ടാങ്കോട്ട് കൃഷ്ണൻ | 8/202 | അസംബ്ലി കെട്ടിടം,കൺവെൻഷൻ സെൻറർ,ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ(@20/രൂപ /ച.മീറ്റർ) | 33.96 | 36 | 2.04 |
| | 8/203 | ,, | 30 | 5 | 25 കുറവ് |
| | 8/204 | ,, | 32.18 | 36 | 3.82 |
| | 8/205 | ,, | 49.19 | 36 | 13.19 കുറവ് |
| | 8/206 | ,, | 11.03 | 12 | 0.97 |

മേൽ പറഞ്ഞിരിക്കുന്ന കെട്ടിടങ്ങളുടെ പ്ലിന്ത് എരിയ GIS മാപ്പിംഗ്,സഞ്ചയ സോഫ്റ്റ് വെയർ എന്നിവയിൽ വ്യത്യസ്തമായിരിക്കുന്നതിന്റെ കാരണം, ജി ഐ എസ് മാപ്പിംഗ് വിവരങ്ങളുടെ അടിസ്ഥാനത്തിൽ മുഴുവൻ കെട്ടിടങ്ങളും പരിശോധനവിധേയമാക്കി അനധികൃത നിർമ്മാണങ്ങൾ ക്രമപ്പെടുത്തുന്നതിനുള്ള സ്വീകരിച്ച നടപടികളുടെ വിശദശാംശങ്ങൾ എന്നിവ ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് അന്വേഷണ (നം.45/ 16-02-2023)ത്തിന് മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ സഞ്ചയ പ്രകാരമുള്ള അളവിനനുസരിച്ചാണ് നിലവിൽ നികുതി ഈടാക്കുന്നതെന്നും സഞ്ചയയിലെ വിവരങ്ങൾ GIS മാപ്പിംഗ് പ്രകാരം കാലികമാക്കുന്നതിനായി പ്ലിന്ത് ഏരിയയിൽ വ്യത്യാസമുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ GIS മാപ്പിംഗ് പ്രകാരം ശേഖരിച്ച് നേരിട്ട് സ്ഥല പരിശോധന നടത്തി ഏരിയ വ്യത്യാസം ഉറപ്പ് വരുത്തി നികുതി പുനർ നിർണയിച്ച് 2023-24 വർഷം മുതൽ നികുതി പരിഷ്ക്കരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത നടപടിക്രമങ്ങൾ ത്വരിതഗതിയിലാക്കി വസ്തു നികുതി ഇനത്തിലുള്ള വരുമാന ചോർച്ച തടയേണ്ടുന്നതും നടപടിക്രമങ്ങളിലെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. പ്രസ്തുത വിഷയത്തിലേക്ക് ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-14 എഫ് ടി ഇ& ഒ എസ് ലൈസൻസ് അപാകങ്ങൾ

1.10.2017 ലെ ജി.ഒ.(പി) 80/2017 പ്രകാരം ഭേദഗതി വരുത്തിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകളായി തരം തിരിച്ച് ഓരോന്നിനും ബാധകമായ (പട്ടിക 2 ൽ പ്രതിപാദിച്ച പ്രകാരമുള്ള) ലൈസൻസ് ഫീസാണ് ഈടാക്കേണ്ടത്.

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28.12.2018 തീയതിയിലെ 7/215/18 നമ്പർ തീരുമാനപ്രകാരം മൂലധനനിക്ഷേപം 25 ലക്ഷം വരെയുള്ള സ്ഥാപനങ്ങളെ(ചട്ടപ്രകാരം ഈടാക്കാവുന്ന പരമാവധി ഫീസ് 500 രൂപ) വിവിധ സ്ലാബുകളാക്കി തിരിച്ച് 200,300,500 രൂപ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട് .

ചട്ടപ്രകാരം മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകൾക്ക് ചുമത്താവുന്ന പരമാവധി ലൈസൻസ് ഫീസ് യഥാക്രമം 500,1000,5000,10000,15000 എന്നിങ്ങനെയാണ്. മേൽ പരാമർശിച്ച ഭരണസമിതി തീരുമാനത്തിൽ മൈക്രോ എന്റർപ്രൈസുകൾക്ക് ചുമത്താവുന്ന ഫീസ് നിരക്ക് മാത്രമേ ക്രമീകരിച്ചിട്ടുള്ളൂ. എന്നാൽ താഴെ പറയുന്ന സ്ഥാപനത്തിൽ നിന്നും ലൈസൻസ് ഫീസ് മേൽ പ്രകാരമല്ല ഈടാക്കിയിട്ടുള്ളത്.

| സ്ഥാപനം/മേഖല | വാർഡ് നം/കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | മൂലധനനിക്ഷേപം (അപേക്ഷ പ്രകാരം) | ഈടാക്കിയ തുക/ രശീത് നം,തീയതി |
|---|---|---|---|---|
| ഹോളോബ്രിക്സ് നിർമ്മാണം/ ഉൽപ്പാദന മേഖല | 15/4A | ശ്രീജ കെ | 3.2 ലക്ഷം | 2000, 1200107851/24.03.2021 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/10.02.2023) മറുപടിയായി മേൽ സ്ഥാപനത്തിന്റെ ലൈസൻസ് ഫീസ് 2017-18 മുതൽ ശരാശരി വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ 2000 രൂപ കണക്കാക്കി ആയത് പ്രകാരമാണ് ഈടാക്കി വരുന്നതെന്നും അടുത്ത സാമ്പത്തിക വർഷം പ്രസ്തുത ലൈസൻസ് ഫീസ് ക്രമീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

സംരംഭകരിൽ നിന്നും മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള ലൈസൻസ് ഫീസ് മാത്രമേ ഈടാക്കുന്നുള്ളൂ എന്നത് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതും മേൽ സ്ഥാപനത്തിന്റെ ലൈസൻസ് ഫീസ് ജി.ഒ.(പി) 80/2017 പ്രകാരം മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിക്കേണ്ടതുമാണ്.

## 1-15 ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറം ഫീ പഞ്ചായത്ത് ഫണ്ടിൽ വരവ് വെക്കേണ്ടതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

28/9/2013 ലെ GO(MS)No.318/2013 /LSGDപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിൽ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കേണ്ടതുണ്ട്. ആയതു പ്രകാരം കുന്നോത്ത് പറമ്പ് ഗ്രാമപഞ്ചായത്ത് ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ജില്ലാ പഞ്ചായത്ത് എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും നാളിതുവരെയും ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9/9-2-23ന് മറുപടിയായി 2017-2018 മുതൽ 2020-21 വരെ ടെണ്ടർ ഫോറം വില ഇനത്തിൽ 162367 രൂപ ജില്ലാ പഞ്ചായത്ത് എക്സി.എഞ്ചിനീയരുടെ അക്കൗണ്ടിൽ നിന്ന് ലഭിക്കാനുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| വർഷം | തുക |
|---|---|
| 2017-18 | 33400 |
| 2019-20 | 47101 |
| 2020-21 | 81866 |
| ആകെ തുക | 162367 |

എന്നാൽ 2021-22 വർഷത്തിൽ ലഭിക്കാനുള്ള തുക സംബന്ധിച്ച് വിവരം ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിനു ലഭിക്കുവാനുള്ള തുക 162367രൂപ ലഭ്യമാക്കുവാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 കുന്നോത്ത് പറമ്പ് പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ -₹217635യുടെ മരുന്ന് ലഭിച്ചതിന്റെ രേഖ ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| പ്രോജക്ട് നമ്പർ/ പേര് | 39/22കുന്നോത്ത് പറമ്പ് പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹ 600000 മെയ്റ്റനൻസ് ഗ്രാന്റ് - നോൺ റോഡ് |
| ചെലവ് | ₹600000 ബിൽ നമ്പർ : 21220752011000504788/11-10-2021 |

കുന്നോത്ത് പറമ്പ് പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി പ്രഫോർമ ഇൻവോയിസ് പി.എഫ് 2373/30-09-2021 പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ എന്ന സ്ഥാപനത്തിന് ₹600000 നൽകിയതിൽ ₹382365 യുടെ മരുന്ന് ലഭിച്ചതിന്റെ രേഖകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്.

അവശേഷിക്കുന്ന ₹217635 ടെ മരുന്ന് ലഭിച്ചതിന്റെ ഇൻവോയ്സ്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 24/12-02-2023) മരുന്നുകൾ ലഭിക്കുന്നതിനനുസരിച്ച് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ₹217635/- യുടെ മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 പാലിയേറ്റീവ് പരിചരണ പദ്ധതി - ₹54546യുടെ മരുന്ന് ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| പ്രോജക്ട് നമ്പർ/ പേര് | 7/22 പാലിയേറ്റീവ് പരിചരണ പദ്ധതി |
| അടങ്കൽ<br><br><br>ആകെ അടങ്കൽ | ₹487560 വികസന ഫണ്ട് – ജനറൽ<br>₹200000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹100000 ജില്ലാ പഞ്ചായത്ത് വിഹിതം<br>₹787560 |
| ചെലവ്<br><br><br>ആകെ ചെലവ് | ₹487560 വികസന ഫണ്ട് – ജനറൽ<br>₹200000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>₹100000 ജില്ലാ പഞ്ചായത്ത് വിഹിതം<br>₹787560 |

പാലിയേറ്റീവ് പരിചരണം എന്ന മേൽ പ്രൊജക്ടിന്റെ ഭാഗമായി വാഹന വാടക, ഹോണറേറിയം, റിഫ്രഷ് മെന്റ്, മരുന്ന് വാങ്ങൽ എന്നിവയ്ക്കായാണ് ആകെ ₹787560 ചെലവഴിച്ചത്. ഇതിൽ വൗച്ചർ നമ്പർ 22100993/26-03-2022 പ്രകാരം പിൻവലിച്ച ₹200000യിൽ ₹136930 പി.ആർ എഫ് 5142/27-01-2022 പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് മരുന്ന് വാങ്ങാൻ നൽകിയതിൽ ₹54546യുടെ മരുന്ന് ലഭിച്ചതിന്റെ രേഖ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 44/16-02-2023) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. മരുന്ന് ലഭിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-18 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

വെറ്റിനറി സർജൻ 2021-22 വർഷം നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

1.

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | 89/22 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | ₹1250000 വികസന ഫണ്ട് – ജനറൽ<br>₹1250000 മറ്റുള്ളവ<br>ആകെ : ₹2500000 |
| ചെലവ് | ₹625000 ബിൽ നമ്പർ / തിയ്യതി : 2122075201120078O608/13-12-2021<br>₹150000 ബിൽ നമ്പർ / തിയ്യതി : 2122075201120095 7748/17-01-2022<br>₹475000 ബിൽ നമ്പർ / തിയ്യതി : 212207520112011 45188/17-02-2022<br>ആകെ :₹1250000 |

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ നടത്തിപ്പിനായി ₹1250000 എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടറുടെ 719011400000003 എന്ന അക്കൗണ്ടിലേക്ക് നൽകുന്നതിനാണ് ചെലവഴിച്ചത്.

2.

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | 109/22 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | ₹312500 വികസന ഫണ്ട് – ജനറൽ<br>₹312500 സംസ്ഥാനാവിഷ്കൃത വിഹിതം<br>₹625000 മറ്റുള്ളവ<br>ആകെ : ₹1250000 |
| ചെലവ് | ₹312500 ബിൽ നമ്പർ / തിയ്യതി : 212207520112007 39784/02-12-2021<br>₹312500 ബിൽ നമ്പർ / തിയ്യതി : 5115900301210024/22-02-2022 |

| | |
|---|---|
| | ആകെ : ₹625000 |

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ നടത്തിപ്പിനായി ₹625000 എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടറുടെ 719011400000003 എന്ന അക്കൗണ്ടിലേക്ക് നൽകുന്നതിനാണ് ചെലവഴിച്ചത്. എന്നാൽ മുകളിൽ കൊടുത്ത തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.04/08-02-2023) ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി ഇപ്പോഴും തുടർന്ന് കൊണ്ടിരിക്കുകയാണെന്നും തീരുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മുഴുവൻ തുകയുടെയും വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-19 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ -പൾസ് ഓക്സിമീറ്റർ വാങ്ങൽ നിലവിലെ ഉപയോഗ വിവരം ലഭ്യമല്ല-₹80080യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| പ്രോജക്ട് നമ്പർ/ പേര് | 116/22 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ |
| അടങ്കൽ | ₹ 700000 തനത് ഫണ്ട് |
| ചെലവ് | ₹489492 |

കോവിഡ് പ്രതിരോധ പ്രവർത്തനത്തിനാവശ്യമായ മരുന്നുകൾ,ഉപകരണങ്ങൾ വാങ്ങൽ,കോവിഡ് രോഗികൾക്ക് ചികിത്സാ സൗകര്യം ഒരുക്കൽ, വാഹന വാടക, മറ്റ് കണ്ടിജന്റ് ചെലവുകൾ എന്നിവയ്ക്കു വേണ്ടിയാണ് മേൽ തുക ചെലവഴിച്ചത്. ഇതിൽ വൗച്ചർ നമ്പർ 22100147/14-06-2021 പ്രകാരം പിൻവലിച്ച ₹80080 യ്ക്ക് ശ്രീലാൽ സർജിക്കൽ എന്ന സ്ഥാപനത്തിൽ നിന്നും ബിൽ നമ്പർ 27/14-05-2021 പ്രകാരം 50 എണ്ണം പൾസ് ഓക്സിമീറ്റർ (ഫിംഗർ ടിപ്) വാങ്ങുകയും സ്റ്റോക്ക് രജിസ്റ്ററിൽ ഹെൽത്ത് ഇൻസ്പെക്ടർക്ക് ഇഷ്യൂ ചെയ്തതായും കാണിച്ചിട്ടുമുണ്ട്. പ്രസ്തുത പൾസ് ഓക്സിമീറ്ററിന്റെ നിലവിലെ ഉപയോഗക്ഷമത വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.25/10-02-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഉപകരണങ്ങളുടെ നിലവിലെ ഉപയോഗക്ഷമതയുടെ വിവരം ലഭ്യമല്ലാത്തതിനാൽ ₹80080യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഉപകരണങ്ങളുടെ നിജസ്ഥിതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ ഫണ്ടിന്റെ വാർഷിക വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നില്ല

കുന്നോത്ത്പറമ്പ് ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള കുടുംബാരോഗ്യ കേന്ദ്രത്തിൽ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 173(എ) പ്രകാരം രൂപീകരിച്ചിട്ടുള്ള ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ വാർഷിക വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. 2010ലെ കേരളപഞ്ചായത്ത് രാജ് (പൊതുജനാരോഗ്യസ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ ആശുപത്രിവികസനഫണ്ട് രൂപീകരിക്കേണ്ടതും ചട്ടം 9 പ്രകാരം പ്രസ്തുത ഫണ്ടിന്റെ കണക്കുകൾ എല്ലാ വർഷവും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റിന് വിധേയമാക്കേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം ഓഡിറ്റ് നടത്തുന്നതിനായി ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ ഫണ്ടിന്റെ വാർഷിക വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

വാർഷിക വരവ് ചെലവ് കണക്കുകൾ യഥാസമയം തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കാത്തതിന് കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 32/13-02-2023) ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ വാർഷിക വരവ് ചെലവ് കണക്കുകൾ കൃത്യമായി ഹാജരാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ ഫണ്ടിന്റെ വാർഷിക വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 1-21 അങ്കണവാടി പോഷകാഹാര വിതരണം - ന്യൂട്രിമിക്സ് വാങ്ങിയ തുകയിൽ നിന്ന് ജി.എസ്.ടി-ടി.ഡി.എസ് ഈടാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രൊജക്ട് നം/ പേര് | S0031/22<br>അങ്കണവാടി പോഷകാഹാരം |
| അടങ്കൽ | 31,45,951/-<br>(വികസന ഫണ്ട് പൊതു വിഭാഗം സാധാരണ വിഹിതം)<br>12,00,000/- |

| | |
|---|---|
| | (കേന്ദ്രാവിഷ്കൃത ഫണ്ട്)<br>13,00,000/-<br>(തനത് ഫണ്ട്)<br>ആകെ-56,45,951/- |
| ചെലവ് തുക | 31,45,951/-<br>(വികസന ഫണ്ട് പൊതു വിഭാഗം സാധാരണ വിഹിതം)<br>11,99,966/-<br>(കേന്ദ്രാവിഷ്കൃത ഫണ്ട്)<br>13,00,000/-<br>(തനത് ഫണ്ട്)<br>ആകെ- 56,45,917/- |

ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR , സർക്കാർ ഉത്തരവ് (പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്യുന്നതിന ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ സ്രോതസ്സിൽ നിന്നും ജി എസ് ടി ഒഴികെയുള്ള തുകയുടെ 2% ജി.എസ്.ടി ടി.ഡി.എസ് (1% CGST + 1%SGST) ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ 32 അങ്കണവാടികൾക്കായി അമൃതം ഫുഡ് പ്രൊഡക്ട് (സമന്വയ കുടുംബശ്രീ, നരവൂർപ്പാറ ) എന്ന സ്ഥാപനത്തിൽ നിന്നും അനുപൂരക പോഷകാഹാരം വാങ്ങിയ വകയിൽ 2% ടി.ഡി.എസ് ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ബില്ല് നം /ചെക്ക് നം /തീയതി | ന്യൂട്രിമിക്സിന്റെ വില (Including 5%GST) |
|---|---|---|
| 1 | 2/05-07-2021 | 657361/- |
| 2 | 4/17-08-2021 | 229457/- |
| 3 | 6/21-10-2021 | 229457/- |
| 4 | 8/06-01-2022 | 229457/- |
| 5 | 9/08-01-2022 | 229457/- |
